# പതിനാലാം കേരള നിയമസഭ
# പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:871

04.03.2020-ലെ മറുപടി

## വാട്ടർ അതോറിറ്റിയുടെ ജലനഷ്ടം തടയാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി. തോമസ്<br>,, വി.പി.സജീന്ദ്രൻ<br>,, കെ.എസ്.ശബരീനാഥൻ<br>,, എം. വിൻസെന്റ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി വിതരണത്തിന് ലഭ്യമാക്കുന്ന ജലത്തിന്റെ പകുതിയോളം വിതരണരഹിത ജലമായി പോകുകയും അതിലൂടെ വാട്ടർ അതോറിറ്റിക്ക് കനത്ത സാമ്പത്തിക നഷ്ടം സംഭവിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടോ; | (എ)<br>&<br>(ബി) | കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 40-45% വരുമാന രഹിത ജലമായാണ് കണക്കാക്കുന്നത്. ആകെ ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖല വഴി ഉപഭോക്താവിന്റെ പക്കലെത്തി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസമാണ് വരുമാന രഹിത ജലമായി കണക്കാക്കുന്നത്. ഇതു പ്രധാനമായും രണ്ടു ഘടകങ്ങളെ ആശ്രയിച്ചാണ് കണക്കാക്കുന്നത് - പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണം യഥാർത്ഥത്തിലുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം), മീറ്റർ തകരാർ, മോഷണം തുടങ്ങിയവ കാരണം ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതുമായ നഷ്ടം (വാണിജ്യ നഷ്ടം) എന്നിവയാണ്. ആകെയുള്ള വരുമാന രഹിത ജലത്തിൽ 20-25% മാത്രമാണ് ഭൗതിക നഷ്ടം സംഭവിക്കുന്നത്.<br><br>ഭൗതിക നഷ്ടം കൂടുതലായി സംഭവിക്കുന്നത് വിതരണ ശൃംഖലയിലെ കാലപ്പഴക്കം ചെന്ന പൈപ്പുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയും ഉപഭോക്താക്കളുടെ സർവ്വീസ് കണക്ഷനുകളിൽ ഉണ്ടാകുന്ന ലീക്കുകളിലൂടെയും ആണ്. |
| (ബി) | വിതരണ ശൃംഖലയിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ സമയബന്ധിതമായി മാറ്റാത്തത് മൂലമുണ്ടാകുന്ന ചോർച്ചകളിലൂടെയാണ് ഇപ്രകാരമുള്ള വൻനഷ്ടം ഉണ്ടാകുന്നത് എന്നത് വസ്തുതയല്ലേ യെന്നറിയിക്കുമോ; | | |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (സി) | പ്രധാന ലൈനുകളിലെയും ഉപ ലൈനുകളിലെയും പ്രത്യക്ഷത്തിൽ കാണാത്ത ചോർച്ച കണ്ടെത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; അത് സംസ്ഥാനത്ത് എല്ലാ ഭാഗത്തും ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | പ്രധാന ലൈനുകളിലും ഉപ ലൈനുകളിലും ഉണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിനായി മേഖലാടിസ്ഥാനത്തിൽ ലീക്ക് ഡിറ്റക്ഷൻ ആൻഡ് സർവെലൻസ് സ്ക്വാഡുകൾ കേരള വാട്ടർ അതോറിറ്റിയിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>നിലവിൽ ഗ്രൗണ്ട് മൈക്രോഫോൺ ഉപയോഗിച്ച് ഇത്തരത്തിലുള്ള ചോർച്ച കണ്ടെത്തുന്നതിനുള്ള സംവിധാനം അതോറിറ്റിയുടെ ഹെഡ് ഓഫീസിലാണ് ഉള്ളത്. മേഖലാടിസ്ഥാനത്തിൽ സ്ക്വാഡുകൾ രൂപീകരിക്കുമ്പോൾ കൂടുതൽ ഉപകരണങ്ങൾ വാങ്ങി ഈ സംവിധാനം സംസ്ഥാനമൊട്ടാകെ ഉപയോഗപ്പെടുന്ന രീതിയിൽ വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | കാലപ്പഴക്കം മൂലമുള്ള ചോർച്ചയിലൂടെ ജലം നഷ്ടമാകുന്നത് തടയുവാൻ എം.എസ്. പൈപ്പുകൾ, പ്രീമോ പൈപ്പുകൾ എന്നിവ മാറ്റുന്നതിന് കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | 2016-17 ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച എ.സി. പ്രീമോ ട്രാൻസ്മിഷൻ മെയിനുകൾ മാററി സ്ഥാപിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പുകളുടെ കാലപ്പഴക്കം മൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി എം. എസ്, പ്രീമോ പൈപ്പുകൾ ഉൾപ്പെടെ പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, മൂവാറ്റുപുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട് , മലപ്പുറം, കണ്ണൂർ, കോഴിക്കോട്) പ്രൊപ്പോസലുകൾക്ക് കിഫ്ബിയിൽ നിന്നും 382.64 കോടി രൂപയുടെ ധനസഹായ അനുമതി ലഭ്യമായിട്ടുണ്ട് . ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |
| (ഇ) | പ്രസ്തുത ഫണ്ട് ഉപയോഗിച്ച് 2019-ൽ എത്ര കിലോമീറ്റർ ഉപയോഗശൂന്യമായ പൈപ്പ് മാറ്റി പുതിയവ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഇ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് 2019-ൽ 34.242 കിലോമീറ്റർ ഉപയോഗശൂന്യമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ചു. |

**സെക്ഷൻ ഓഫീസർ**